**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **08-02-2023 - ൽ മറുപടിയ്ക്ക്**

**പുത്തിഗെ കൃഷി ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസ് ആക്കി മാറ്റുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് കൃഷി ഓഫീസ് ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എൽ.ഡി.സി. ആണ് പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് കൃഷി ഓഫീസ് ആക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിനായി സോയിൽ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ ഡിസൈൻ പൂർത്തിയായാലുടൻ ടെണ്ടർ നടപടി ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 1. കാർഷിക വിവരശേഖരണവും, ഇതിന്റെ ഡിജിറ്റലൈസേഷനും മാപ്പിങ്ങും<br>2. പ്ലാൻ ഹെൽത്ത് ക്ലിനിക്കുകളുടെ വിപുലീകരണം<br>3. കൃഷിഭവനിലെ കമ്പ്യൂട്ടർവൽക്കരണം<br>4. കടലാസ് രഹിത ഓഫീസ് സംവിധാനം<br>5. എയിംസ് പോർട്ടൽ, സ്മാർട്ട് കാർഡ് വിതരണവും, എയിംസ് പോർട്ടൽ വഴി കർഷകരുടെ വിവരശേഖരണവും<br>6. ഫ്രണ്ട് ഓഫീസ് സംവിധാനം<br>7. ഓൺലൈൻ ഓഡിറ്റിംഗ് സംവിധാനം<br>8. മാതൃക ഗ്രീൻഹൗസ് സംവിധാനം<br>9. മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ<br>10. കൃഷിഭവന്റെ നിർമ്മാണം<br>11. ഫാം പ്ലാനുകളുടെ ഡിജിറ്റൈസേഷൻ<br>12. ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി<br><br>എന്നീ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ? | (സി) | പദ്ധതി 2024 മാർച്ച് മാസത്തിന് മുൻപ് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ